Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

25.06.2025

# ജൂബിലിയിൽ ഗവേഷണ ദിനം ആചരിച്ചു.

ഡോക്ടർമാരും വൈദ്യശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്നവരും ഗവേഷണത്തിൽ കൂടുതൽ താൽപര്യം എടുക്കണം എന്നും പുതിയ രോഗങ്ങളും അവയുടെ പരിശോധനയും ചികിത്സയും തുടർ പരിപാലനവും ഗവേഷണത്തിലൂടെ മാത്രമേ വികസിപ്പിക്കാൻ കഴിയുകയുള്ളൂ എന്നും ഡോ. കെ. ആർ. തങ്കപ്പൻ അഭിപ്രായപ്പെട്ടു. തൃശ്ശൂരിലെ ജൂബിലി ഗവേഷണകേന്ദ്രം, ജൂബിലി ട്രസ്റ്റിന്റെ കീഴിലുള്ള ഏഴ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, ഫാക്കൽറ്റി അംഗങ്ങൾ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്കായി സംഘടിപ്പിച്ച ജൂബിലി ഗവേഷണ ദിനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം ശ്രീ ചിത്രയിലെ പൊതുജനാരോഗ്യ വകുപ്പ് മുൻ തലവനും ഇപ്പോൾ കൊച്ചി അമൃതയിലെ പൊതുജനാരോഗ്യവകുപ്പ് തലവനുമായ ഡോ. തങ്കപ്പൻ ഉദ്ഘാടനം നിർവ്വഹിച്ച സമ്മേളനത്തിൽ ജൂബിലി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ ആമുഖപ്രഭാഷണം നടത്തി.

ഗവേഷണദിനത്തിൽ അവതരിപ്പിക്കുന്ന 34 പ്രബന്ധങ്ങളുടെ സംക്ഷിപ്തരൂപം ഐ.എസ്.ബി.എൻ. നമ്പർ ഉള്ള പുസ്തകമായി പ്രസിദ്ധീകരിച്ചതിന്റെ പ്രകാശനം മുഖ്യാതിഥി ഡോ. തങ്കപ്പൻ നേഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പാൾ സി. റെജി അഗസ്റ്റിന് നൽകി നിർവ്വഹിച്ചു. അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം. എ ആൻഡ്രൂസ്, നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ എന്നിവർ ആശംസകൾ നേർന്നു. കഴിഞ്ഞവർഷം പൂർത്തിയാക്കിയ ഐ.സി.എം.ആർ, സ്മൈൽ ട്രെയിൻ, ഡി.എച്ച്.ആർ., സ്പൈസസ് ബോർഡ്, സിമേഘ തുടങ്ങിയ ഏജൻസികൾ സാമ്പത്തികസഹായം നൽകിയ 5 ഗവേഷണ പദ്ധതികളുടെ സാരഥികൾക്ക് പ്രശംസാപത്രം നൽകി. ഡോ. പി. ആർ. വർഗ്ഗീസ് സ്വാഗതവും ഡോ. അലക്സ് ജോർജ്ജ് നന്ദിയും പറഞ്ഞു.

തുടർന്ന് രണ്ട് വേദികളിലായി 34 പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. മികച്ച പ്രബന്ധ അവതാരകർക്കുള്ള അവാർഡിന് മെഡിക്കൽ പി.ജി. ഡോ. ഐശ്വര്യ വിനോദ്, സീനിയർ റസിഡന്റ് ഡോ. ജോസ്മി ജോയ്, എം.ബി.ബി.എസ്. വിദ്യാർത്ഥി ബെന്റീൻ ജോയ്, ഹിവ്യ സി. എസ് (നേഴ്സിങ്ങ്), മേരി മാർട്ടിൻ (റിസേർച്ച് സ്കോളർ) എന്നിവർ അർഹരായി. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ. കെ. പത്മകുമാർ, ആയുർവേദ വിഭാഗം ചീഫ് കൺസൾട്ടന്റ് ഡോ. സി. ഡൊണേറ്റ എന്നിവർ അവാർഡുകൾ സമ്മാനിച്ചു. അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര ഉപചാരപ്രസംഗം നടത്തി. ഡോ. മാത്യു ജോൺ സ്വാഗതവും ഡോ. സരിത ഫ്രാൻസീസ് നന്ദിയും പറഞ്ഞു.

ഫോട്ടോ അടിക്കുറിപ്പ് : ജൂബിലി ഗവേഷണദിനത്തിന്റെ ഉദ്ഘാടനം ഡോ. കെ. ആർ. തങ്കപ്പൻ നിർവ്വഹിക്കുന്നു. ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, സി. റെജി അഗസ്റ്റിൻ, ഡോ. ഡി. എം. വാസുദേവൻ, ഫാ. റെന്നി മുണ്ടൻകുരിയൻ, ഫാ. ടെറിൻ മുള്ളക്കര, ഡോ. പി. ആർ. വർഗ്ഗീസ്, ഡോ. എം. എ. ആൻഡ്രൂസ് എന്നിവരെ കാണാം.